പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3160

21 .06.2013-ലെ
മറുപടിയ്ക്ക്.

## കെട്ടിടങ്ങൾക്ക് നിയമത്തിൽ ഇളവ് നൽകി കെട്ടിടാനുമതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കെ.നാരായണൻ: | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കെട്ടിടങ്ങൾക്ക് നിയമത്തിൽ ഇളവ് നൽകി കെട്ടിടാനുമതി നൽകിയിട്ടുണ്ട്. വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം 2 കെട്ടിടങ്ങൾക്ക് നിയമത്തിൽ ഇളവ് നൽകി സർക്കാർ കെട്ടിടാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ആയത് എതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള സീറോ മലങ്കര കാത്തലിക് ചർച്ചിന്റെ ഉടമസ്ഥതയിലുള്ളതും കരട് മാസ്റ്റർ പ്ലാനിൽ റസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്നതുമായ സ്ഥലത്ത് ഫോർമേഷൻ ഹൗസ് നിർമ്മിക്കുന്നതിനും, കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന അതിരമ്പുഴ റോഡിൽ ക്രിസ്തുരാജ ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കുരിശു പള്ളി നിർമ്മിക്കുന്നതിനും മന്ത്രിസഭാ തീരുമാന പ്രകാരം ഇളവ് അനുവദിച്ച് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത കാലയളവിൽ എതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ കെട്ടിടങ്ങൾക്ക് ഈ രീതിയിൽ അനുമതി നൽകിയിട്ടുണ്ടോ ; | (സി) & (ഡി) | ഇല്ല. |
| (ഡി) എങ്കിൽ എവിടെയാണെന്നും എന്ത് അടിസ്ഥാനത്തിലാണ് അനുമതി നൽകിയത് എന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ